പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം
നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4096
12.11.2019 ലെ മറുപടിയ്ക്ക്

## പങ്കാളിത്ത പെൻഷൻ പദ്ധതി

ചോദ്യം :
ശ്രീ.പി.കെ.ബഷീർ
ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്
എം.എൽ.എ

ഉത്തരം :
ഡോ.തോമസ് ഐസക്ക്
(ബഹു.ധനകാര്യ വകുപ്പ് മന്ത്രി)

| | | |
|---|---|---|
| എ | പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ അംഗങ്ങളായിരിക്കുന്ന ജീവനക്കാർക്ക് കേന്ദ്ര സർക്കാരും മറ്റ് സംസ്ഥാന സർക്കാരുകളും ഡി.സി.ആർ.ജി. അനുവദിച്ച് ഉത്തരവായിട്ടും കേരളത്തിൽ ആനുകൂല്യങ്ങൾ അനുവദിക്കേണ്ട എന്ന് തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ എന്തു കൊണ്ടാണെന്ന് വ്യക്തമാക്കാമോ; | പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുന്ന ജീവനക്കാർക്ക് ഡി.സി.ആർ.ജി അനുവദിക്കുന്ന വിഷയം പുനഃപരിശോധന സമിതിയുടെ പരിഗണനാ വിഷയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സമിതി സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |
| ബി | കേന്ദ്ര സർക്കാർ പ്രസ്തുത പദ്ധതിയിൽ വരുത്തുന്ന മാറ്റങ്ങൾ സംസ്ഥാനത്ത് നടപ്പാക്കേണ്ട എന്ന് സംസ്ഥാനത്തിന് പി.എഫ്.ആർ.ഡി.എ.യിൽ നിന്നോ കേന്ദ്രസർക്കാരിൽ നിന്നോ നിർദ്ദേശം ലഭിച്ചിട്ടുണ്ടോ എന്നറിയിക്കാമോ; | ഇല്ല. |
| സി | പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിക്കുന്നത് പഠിക്കുന്നതിനായി സമിതിയെ നിയമിച്ചതിന് ശേഷവും പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ അംഗങ്ങളായിട്ടില്ലായെങ്കിൽ ജീവനക്കാരുടെ ശമ്പളം തടയുമെന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ എന്നറിയിക്കാമോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ അംഗങ്ങളായിട്ടില്ലാത്ത ജീവനക്കാർ സമയബന്ധിതമായി ടി പദ്ധതിയിൽ അംഗങ്ങളാകാത്ത പക്ഷം ടി ജീവനക്കാരുടെ ശമ്പളം തടയുമെന്ന് അറിയിച്ചുകൊണ്ട് 30-09-2019-ാം തീയതിയിലെ സ.ഉ(അച്ചടി) നം.132/2019, സ.ഉ(അച്ചടി) നം.133/2019 എന്നീ ഉത്തരവുകൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| ഡി | ധനകാര്യ വകുപ്പിന്റെ സ.ഉ(അച്ചടി) നം.84/2019, സ.ഉ(അച്ചടി) നം.132/2019, സ.ഉ(അച്ചടി) നം.133/2019 എന്നീ ഉത്തരവുകൾ പുറപ്പെടുവിച്ചിരിക്കുന്നത് പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിക്കുന്നത് പഠിക്കുന്നതിനായി സർക്കാർ നിയമിച്ചിരിക്കുന്ന പുന:പരിശോധനാ സമിതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണോ എന്ന് അറിയിക്കാമോ; ഉത്തരവുകൾ പുറപ്പെടുവിച്ച ഫയലുകളുടെ പകർപ്പ് ലഭ്യമാക്കാമോ? | പങ്കാളിത്ത പെൻഷൻ സംബന്ധിച്ച് Terms of Reference - ൽ പ്രതിപാദിച്ചിരിക്കുന്ന വിഷയങ്ങൾ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാനാണ് സമിതിയെ നിയോഗിച്ചിട്ടുള്ളത്. സമിതി റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് പ്രസ്തുത റിപ്പോർട്ട് പരിശോധിച്ചാവും സർക്കാർ ഉചിതമായ തീരുമാനം കൈക്കൊള്ളുക. |

**സെക്ഷൻ ഓഫീസർ**

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - വിവിധ വകുപ്പുകളിലായി 01.04.2013 ന് മുൻപ് സൂപ്പർന്യൂമററി തസ്തികയിൽ നിയമിക്കപ്പെട്ടിരിക്കുന്നതും 01.04.2013 ന് ശേഷം റഗുലറൈസ് ചെയ്തതിനാൽ പങ്കാളിത്ത പെൻഷൻ പദ്ധതി ബാധകമായിരിക്കുന്നതുമായ മുഴുവൻ ജീവനക്കാരും താമസംവിനാ പദ്ധതിയിൽ അംഗങ്ങളാകേണ്ടതാണെന്ന് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (പെൻഷൻ-എ) വകുപ്പ്**

സ.ഉ (അച്ചടി) നം.132/2019/ധന. തിരുവനന്തപുരം, തീയതി,30/09/2019

---

പരാമർശം:- 1) സ.ഉ (അച്ചടി) നം. 20/2013/ധന. തീയതി, 07.01.2013
2) സ.ഉ (അച്ചടി) നം. 622/2013/ധന. തീയതി, 19.12.2013
3) സ.ഉ (അച്ചടി) നം. 84/2019/ധന. തീയതി, 12.07.2019

**ഉത്തരവ്**

സംസ്ഥാനത്തെ കെ.എസ്.ആർ ഭാഗം III പെൻഷൻ നിലവിലുണ്ടായിരുന്ന സർക്കാരിലും സർക്കാരിന് കീഴിലെ വിവിധ സ്ഥാപനങ്ങളിലും 01.04.2013-നോ അതിനു ശേഷമോ റഗുലർ തസ്തികയിൽ സേവനത്തിൽ പ്രവേശിക്കുന്ന ജീവനക്കാർക്ക് പങ്കാളിത്ത പെൻഷൻ പദ്ധതി ബാധകമാക്കിക്കൊണ്ട് പരാമർശം (1) ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും 01.04.2013 ന് മുൻപ് സൂപ്പർ ന്യൂമററി തസ്തികകളിൽ നിയമിതരായ ജീവനക്കാരുടെ സേവനം ക്രമപ്പെടുത്തി, അവർ 01.04.2013 ന് ശേഷമാണ് സംസ്ഥാനത്തെ സർക്കാർ സർവ്വീസിൽ റഗുലർ തസ്തികയിൽ നിയമിക്കപ്പെടുന്നത് എങ്കിൽ അവർക്ക് പങ്കാളിത്ത പെൻഷൻ പദ്ധതിയാണ് ബാധകമാവുക എന്നത് വ്യക്തമാക്കി സർക്കാർ പരാമർശം (2) ഉത്തരവും പുറപ്പെടുവിച്ചിട്ടുള്ളതാണ്.

2) പങ്കാളിത്ത പെൻഷൻ പദ്ധതി ബാധകമാകുന്ന ജീവനക്കാരെ അവർക്ക് നിയമനം ലഭിച്ച് ഒരു മാസത്തിനകം പദ്ധതിയിൽ അംഗങ്ങളാക്കേണ്ടതാണെന്ന് സംസ്ഥാനത്തെ മുഴുവൻ ഡിഡി.ഒ മാർക്കും നിർദ്ദേശം നല്കിക്കൊണ്ട് സർക്കാർ പരാമർശം (2) ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. എന്നാൽ സംസ്ഥാനത്തെ വിവിധ വകുപ്പുകളിലായി 01.04.2013 ന് മുൻപ് സൂപ്പർന്യൂമററി തസ്തികയിൽ നിയമിക്കപ്പെട്ടിരിക്കുന്നതും 01.04.2013 ന് ശേഷം റഗുലറൈസ് ചെയ്തിരിക്കുന്നതുമായ ജീവനക്കാർക്ക് പങ്കാളിത്ത പെൻഷൻ പദ്ധതിയാണ് ബാധകമാകുന്നതെന്ന് സർക്കാർ വ്യക്തമാക്കിയതിന് ശേഷവും പ്രസ്തുത ജീവനക്കാരെ പരാമർശം (2) ഉത്തരവിലെ ഖണ്ഡിക (VI) ൽ പ്രതിപാദിച്ചിരിക്കുന്ന സമയപരിധിക്കുള്ളിൽ പദ്ധതിയിൽ അംഗങ്ങളാക്കാതിരിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകളിലായി 01.04.2013 ന് മുൻപ് സൂപ്പർന്യൂമററി തസ്തികയിൽ നിയമിക്കപ്പെട്ടിരിക്കുന്നതും 01.04.2013 ന് ശേഷം മാത്രം റഗുലറൈസ് ചെയ്തതിനാൽ പങ്കാളിത്ത പെൻഷൻ പദ്ധതി

ബാധകമായിരിക്കുന്നതുമായ മുഴുവൻ ജീവനക്കാരും പ്രസ്തുത പദ്ധതിയിൽ സമയബന്ധിതമായി അംഗങ്ങളായി വിഹിതം അടവാക്കിയാൽ മാത്രമേ വിരമിക്കുന്ന സമയത്ത് ജീവനക്കാർക്ക് പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭ്യമാകുകയുള്ളൂ. ജീവനക്കാരെ പദ്ധതിയിൽ അംഗങ്ങളാക്കാനുണ്ടാകുന്ന കാലതാമസം ഈ വിഭാഗം ജീവനക്കാരുടെ വിരമിക്കൽ ആനുകൂല്യങ്ങളിൽ ഗണ്യമായ കുറവ് വരുന്നതിന് കാരണമാകുമെന്ന് മാത്രമല്ല ജീവനക്കാർ പദ്ധതിയിൽ അംഗങ്ങളാകാത്ത പക്ഷം സർക്കാർ വിഹിതം അടയ്ക്കുവാനും സാധിക്കാത്ത സാഹചര്യമാണുണ്ടാകുന്നത്. മേൽ സാഹചര്യത്തിൽ സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകളിലായി 01.04.2013 ന് മുൻപ് സൂപ്പർന്യൂമററി തസ്തികയിൽ നിയമിക്കപ്പെട്ടിരിക്കുന്നതും 01.04.2013 ന് ശേഷം റഗുലറൈസ് ചെയ്യിരിക്കുന്നതുമായ മുഴുവൻ ജീവനക്കാരും **2019 നവംബർ 20** ന് മുൻപായി പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ അംഗങ്ങളാകേണ്ടതാണെന്ന് ഉത്തരവാകുന്നു. ജീവനക്കാരെ പദ്ധതിയിൽ അംഗങ്ങളാക്കുന്നതിന് അതത് ഡി.ഡി.ഒ-മാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. 2019 നവംബർ 20 ന് ശേഷവും പദ്ധതിയിൽ അംഗങ്ങളാകാത്ത ജീവനക്കാരുടെ പ്രസ്തുത മാസം മുതലുള്ള ശമ്പള ബില്ലുകൾ പാസ്സാക്കേണ്ടതില്ല എന്നും ഇതിനു വിരുദ്ധമായി പ്രവർത്തിക്കുന്ന ഡി.ഡി.ഒ മാരുടെ പേരിൽ കർശന അച്ചടക്ക നടപടി സ്വീകരിക്കുന്നതാണെന്നും ഇതിനാൽ ഉത്തരവാകുന്നു. ഈ ഉത്തരവിന് വിധേയമായി പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ അംഗങ്ങളാകുന്ന ജീവനക്കാർക്ക് കുടിശ്ശിക അടവാക്കാനുള്ള പക്ഷം ആയത് റഗുലറൈസ് ചെയ്ത തീയതി മുതൽ ഉത്തരവ് തീയതി വരെയുള്ള മാസങ്ങൾക്ക് തുല്യമായി പരമാവധി 60 തവണയായി നിജപ്പെടുത്തി അനുവദിക്കാവുന്നതാണ്.

**4)** പരാമർശം (3) ഉത്തരവിലെ ഖണ്ഡിക 3(iv) ഇപ്രകാരം പുതുക്കി ഉത്തരവാകുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**കെ.രാജശ്രീ**
**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

പകർപ്പ് :

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ) കേരള, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം.
4. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
5. സംസ്ഥാനത്തെ മുഴുവൻ വകുപ്പ് മേധാവികൾക്കും
6. ചീഫ് പ്രൊജക്ട് മാനേജർ, സ്പാർക്ക്
7. ധനകാര്യ (എൻ.പി.എസ്-സെൽ) വകുപ്പ്
8. നോഡൽ ഓഫീസർ, www.finance.kerala.gov.in
9. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി. **(E-1258294)**

ഉത്തരവിൻ പ്രകാരം

**സെക്ഷൻ ഓഫീസർ**

കേരള സർക്കാർ

സംഗ്രഹം

ധനകാര്യ വകുപ്പ് - വിവിധ വകുപ്പുകളിൽ/സ്ഥാപനങ്ങളിൽ 01.04.2013 ന് മുൻപ് സേവനമനുഷ്ഠിച്ചു വരുന്നതും 01.04.2013 ന് ശേഷം മാത്രം റഗുലർ തസ്തികയിൽ നിയമനം ലഭിച്ചിരിക്കുന്നതും പങ്കാളിത്ത പെൻഷൻ പദ്ധതി ബാധകമായിരിക്കുന്നതുമായ മുഴുവൻ ജീവനക്കാരും താമസംവിനാ പദ്ധതിയിൽ അംഗങ്ങളാകേണ്ടതാണെന്ന് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ധനകാര്യ (പെൻഷൻ-എ) വകുപ്പ്

സ.ഉ (അച്ചടി) നം.133/2019/ധന. തിരുവനന്തപുരം, തീയതി, 30/09/2019.

---

പരാമർശം:- 1) സ.ഉ (അച്ചടി) നം. 20/2013/ധന. തീയതി, 07.01.2013

2) സ.ഉ (അച്ചടി) നം. 622/2013/ധന. തീയതി, 19.12.2013

## ഉത്തരവ്

സംസ്ഥാനത്തെ കെ.എസ്.ആർ ഭാഗം III പെൻഷൻ നിലവിലുണ്ടായിരുന്ന സർക്കാരിലും സർക്കാരിന് കീഴിലെ വിവിധ സ്ഥാപനങ്ങളിലും 01.04.2013-നോ അതിനു ശേഷമോ റഗുലർ തസ്തികയിൽ സേവനത്തിൽ പ്രവേശിക്കുന്ന ജീവനക്കാർക്ക് പങ്കാളിത്ത പെൻഷൻ പദ്ധതി ബാധകമാക്കിക്കൊണ്ട് പരാമർശം (1) ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും പങ്കാളിത്ത പെൻഷൻ പദ്ധതി ബാധകമാകുന്ന ജീവനക്കാരെ അവർക്ക് നിയമനം ലഭിച്ച് ഒരു മാസത്തിനകം പദ്ധതിയിൽ അംഗങ്ങളാക്കേണ്ടതാണെന്ന് സംസ്ഥാനത്തെ മുഴുവൻ ഡി.ഡി.ഒ മാർക്കും നിർദ്ദേശം നല്കിക്കൊണ്ട് സർക്കാർ പരാമർശം (2) ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്.

2) സംസ്ഥാനത്തെ വിവിധ സ്കൂളുകളിൽ 01.04.2013 ന് മുൻപ് അവധി ഒഴിവിൽ സേവനമനുഷ്ഠിച്ച് വരവേ 01.04.2013 ന് ശേഷം റഗുലർ തസ്തികയിൽ സ്ഥിരമായി നിയമിക്കപ്പെട്ട അധ്യാപകർക്കും 2011-12, 2012-13 വർഷങ്ങളിലെ അധിക തസ്തികയിൽ നിയമിക്കപ്പെട്ട് 01.04.2013 ന് ശേഷം മാത്രം റഗുലർ തസ്തികയിൽ സ്ഥിരമായി നിയമിക്കപ്പെട്ടിരിക്കുന്ന അധ്യാപകർക്കും പങ്കാളിത്ത പെൻഷൻ പദ്ധതിയാണ് ബാധകമാകുന്നതെന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ടെങ്കിലും പ്രസ്തുത ജീവനക്കാരെ/അധ്യാപകരെ പരാമർശം (2) ഉത്തരവിലെ ഖണ്ഡിക (VI) ൽ പ്രതിപാദിച്ചിരിക്കുന്ന സമയപരിധിക്കുള്ളിൽ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ അംഗങ്ങളാക്കാതിരിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വിവിധ സർക്കാർ വകുപ്പുകളിലും സ്ഥാപനങ്ങളിലും 01.04.2013 ന് മുൻപ് സേവനമനുഷ്ഠിച്ചു വരുന്ന ജീവനക്കാരിൽ 01.04.2013 ന് ശേഷം റഗുലർ തസ്തികയിൽ സ്ഥിരമായി നിയമനം ലഭിക്കുന്ന മുഴുവൻ ജീവനക്കാർക്കും സർക്കാർ പങ്കാളിത്ത പെൻഷൻ പദ്ധതി ബാധകമാക്കിയിരിക്കുന്ന സാഹചര്യത്തിൽ ടി ജീവനക്കാർ പ്രസ്തുത പദ്ധതിയിൽ

സമയബന്ധിതമായി അംഗങ്ങളായി വിഹിതം അടവാക്കിയാൽ മാത്രമേ വിരമിക്കുന്ന സമയത്ത് പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭ്യമാകുകയുള്ളൂ. ജീവനക്കാരെ പദ്ധതിയിൽ അംഗങ്ങളാക്കാനുണ്ടാകുന്ന കാലതാമസം ഈ വിഭാഗം ജീവനക്കാരുടെ വിരമിക്കൽ ആനുകൂല്യങ്ങളിൽ ഗണ്യമായ കുറവ് വരുന്നതിന് കാരണമാകും. ജീവനക്കാർ പദ്ധതിയിൽ അംഗങ്ങളാകാത്ത പക്ഷം സർക്കാർ വിഹിതം അടയ്ക്കുവാനും സാധിക്കാത്ത സാഹചര്യമാണുണ്ടാകുന്നത്. മേൽ സാഹചര്യത്തിൽ 01.04.2013 ന് മുൻപ് ദിവസവേതനാടിസ്ഥാനത്തിലോ അവധി ഒഴിവിലെ/അധിക തസ്തികയിലെ സേവനത്തിലോ ഉണ്ടായിരുന്ന ജീവനക്കാരിൽ 01.04.2013 നോ അതിന് ശേഷമോ സംസ്ഥാനത്ത് വിവിധ സർക്കാർ വകുപ്പുകളിൽ/സ്ഥാപനങ്ങളിൽ റഗുലർ തസ്തികയിൽ സ്ഥിരനിയമനം ലഭിച്ചിരിക്കുന്ന മുഴുവൻ **ജീവനക്കാരും 2019 നവംബർ 20** ന് മുൻപായി പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ അംഗങ്ങളാകേണ്ടതാണെന്ന് ഉത്തരവാകുന്നു. ജീവനക്കാരെ പദ്ധതിയിൽ അംഗങ്ങളാക്കുന്നതിന് അതത് ഡി.ഡി.ഒ-മാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. 2019 നവംബർ 20 ന് ശേഷവും പദ്ധതിയിൽ അംഗങ്ങളാകാത്ത ജീവനക്കാരുടെ പ്രസ്തുത മാസം മുതലുള്ള ശമ്പള ബില്ലുകൾ പാസ്സാക്കേണ്ടതില്ല എന്നും ഇതിനു വിരുദ്ധമായി പ്രവർത്തിക്കുന്ന ഡി.ഡി.ഒ മാരുടെ പേരിൽ കർശന അച്ചടക്ക നടപടി സ്വീകരിക്കുന്നതാണെന്നും ഇതിനാൽ ഉത്തരവാകുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**കെ.രാജശ്രീ**
**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

പകർപ്പ് :

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ) കേരള, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം.
4. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
5. സംസ്ഥാനത്തെ മുഴുവൻ വകുപ്പ് മേധാവികൾക്കും
6. ചീഫ് പ്രൊജക്ട് മാനേജർ, സ്പാർക്ക്
7. ധനകാര്യ (എൻ.പി.എസ്-സെൽ) വകുപ്പ്
8. നോഡൽ ഓഫീസർ, www.finance.kerala.gov.in
9. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി. **(E-1258294)**

ഉത്തരവിൻ പ്രകാരം

**സെക്ഷൻ ഓഫീസർ**